**COLLEGE OF ENGINEERING, POONJAR**
(Managed by IHRD, A Government of Kerala undertaking)
POONJAR THEKKEKARA P.O., KOTTAYAM-686582
**PHONE: (Off.) 9562401737, Principal :8547005035**
**email: cepoonjar.ihrd@gmail.com, cepoonjar@ihrd.ac.in**
**Website: www.cep.ac.in**

പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിൽ **'ഹാൾ ഓഫ് അച്ചീവ്മെൻറ്സ് 2K25'** സംഘടിപ്പിച്ചു




പൂഞ്ഞാർ: ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള സർക്കാർ സ്ഥാപനമായ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പൂഞ്ഞാറിൽ, വിദ്യാർത്ഥികളുടെ അക്കാദമിക് മികവും വിവിധ മേഖലകളിലെ നേട്ടങ്ങളും ആദരിക്കുന്നതിനായി 'CEP – Hall of Achievements 2K25' പരിപാടി സംഘടിപ്പിച്ചു.

2026 ഫെബ്രുവരി 5-ന് രാവിലെ 11.00 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി, കോളേജിലെ പ്രതിഭകളെ ആദരിക്കുന്ന വേദിയായി മാറി.
കംപ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് വകുപ്പ് മേധാവി ശ്രീ രാജേഷ് കെ ആർ സ്വാഗതം ആശംസിച്ച പരിപാടിയുടെ ഉദ്ഘാടനം പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനർവ മോഹൻ നിർവഹിച്ചു .കോളേജ് പ്രിൻസിപ്പൽ ഡോ. എം. വി. രാജേഷ് അധ്യക്ഷത വഹിച്ചു.

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽകുമാർ മഞ്ഞപ്ലാക്കൽ ബ്ലോക്ക് പഞ്ചായത്ത് അംഗം ക്ലിന്റ് അരീപ്ലാക്കാൽ പി ടി എ പ്രസിഡന്റ് ശ്രീ രാജു വട്ടത്താനം ആകാദമിക് ഡീൻ ശ്രീ ഷൈൻ പി ജെയിംസ് കോളേജ് ചെയർമാൻ ശ്രീ അശ്വിൻ ബാബു ഉൾപ്പെടെയുള്ള

വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ ഡിപ്ലോമ വിദ്യാർത്ഥികൾക്കും, വിവിധ മത്സരങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കും പുരസ്കാരങ്ങളും അംഗീകാരങ്ങളും വിതരണം ചെയ്തു.
കൂടാതെ ഇടുക്കി ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ, "ചിന്നമോൾ" എന്ന ചിത്രത്തിലൂടെ മികച്ച ബാലചിത്രത്തിന്റെ സംവിധായകൻ എന്ന പുരസ്കാരം നേടിയ കോളേജ് സ്റ്റാഫ് അംഗം ശ്രീ ബിജോ മാത്യുവിനെ ആദരിച്ചു

നന്ദി പ്രകാശനം ശ്രീ. സിബി. ജോൺ, ഓഫീസ് സൂപ്രണ്ട് നിർവഹിച്ചു.

വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകിയ പരിപാടി, കോളേജിന്റെ അക്കാദമികവും സാംസ്കാരികവുമായ മികവ് ഉയർത്തിക്കാട്ടിയതായി സംഘാടകർ അറിയിച്ചു.

പ്രേഷിതൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

കറസ്‌പോണ്ടൻറ്

മുകളിൽ കൊടുത്തിരിക്കുന്ന വാർത്ത താങ്കളുടെ ദിനപത്രത്തിൽ സേവന വാർത്തയായി പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ.

Sd/-

പ്രിൻസിപ്പാൾ

**Prof. (Dr.) M. V. Rajesh**
**Principal**
College of Engineering Poonjar
*(A unit of IHRD, Govt. of Kerala)*
Kottayam, Kerala, India-686582
**Ph.:|+914822-271737|+91-8547005035|**